➯ പടക്കോപ്പുകൾ വിറ്റോ പരിശോധനാ കിറ്റുകൾ വിറ്റോ ലാഭമുണ്ടാക്കാനുള്ള തത്രപ്പാടിലാണ് അവർ ➯

# കോവിഡ് 19: ഭീഷണിയോ അതോ അവസരമോ?

വൈറസിന്റെ കാര്യത്തിലെന്ന പോലെ കാലാവസ്ഥാ പ്രതിസന്ധിയുടെ കാര്യത്തിലും പ്രവചനാത്മകമായ താക്കീതുകൾ അക്ഷരംപ്രതി ശരിയാണെന്ന് വൈകാതെ ബോധ്യപ്പെടും. വികസനത്തിന്റെ ശൈലി ഇനിയും മാറ്റുന്നില്ലെങ്കിൽ കടുത്ത തിരിച്ചടികളിൽ നിന്ന് മനുഷ്യരാശിക്ക് മോചനമില്ല എന്ന പാഠമാണ് ഈ ദുരന്തത്തിൽ നിന്നും പഠിക്കേണ്ടത്. പക്ഷെ, അതു തന്നെയാണോ ഈ ലോകത്തെ നിയന്ത്രിക്കുന്ന പ്രബല ശക്തികൾ പഠിക്കുക?

**കെ. രാമചന്ദ്രൻ**

**പരിസ്ഥിതി** നശീകരണവും വന്യജീവികളുടെ ആവാസവ്യവസ്ഥകളിലേക്ക് വൻതോതിലുള്ള കടന്നുകയറ്റവും ആണ് കോവിഡ് 19 ഉൾപ്പെടെയുള്ള ജന്തുജന്യ രോഗ വൈറസുകൾ മനുഷ്യരിലേക്ക് വ്യാപിക്കുവാനും ഇപ്പോൾ ലോകം നേരിടുന്ന രീതിയിലുള്ള അഭൂതപൂർവമായ സ്ഥിതിവിശേഷം സൃഷ്ടിക്കുവാനും ഇടയാക്കിയിട്ടുള്ളത്. വ്യാവസായികാടിസ്ഥാനത്തിൽ ഇറച്ചിക്കോഴി, താറാവ്, പന്നി തുടങ്ങിയവയെ വളർത്തലും വന്യജീവികളുടെ മാംസവ്യാപാരവും വൈറസ്സുകൾക്ക് മനുഷ്യരിലേക്ക് പടരുവാനും ജനിതക അനുകൂലനങ്ങൾ നേടാനും സാഹചര്യമൊരുക്കിയിട്ടുണ്ടെന്ന് പ്രഗത്ഭ വൈറോളജിസ്റ്റുകളുടെ പഠനമുണ്ട്. എയ്ഡ്സ്, എബോള, പക്ഷിപ്പനി, SARS തുടങ്ങിയ വൈറസ്സുകൾ മനുഷ്യരിലേക്ക് വ്യാപിച്ചതിനെ ഒരളവോളം തടയിടാനും പ്രതിരോധം ശക്തിപ്പെടുത്താനും കഴിഞ്ഞിരുന്നുവെങ്കിലും കോവിഡ് 19 എന്ന കൊറോണ വൈറസ് എല്ലാവരെയും നിസ്സഹായരാക്കിക്കൊണ്ട് അപ്രതീക്ഷിതമായ അനുപാതത്തിലാണ് ലോകമെങ്ങും വ്യാപിച്ചത്. വേണ്ടത്ര മുന്നറിയിപ്പുകൾ ഉണ്ടായിട്ടും കാലാവസ്ഥാ വ്യതിയാനത്തിന്റെ കാര്യത്തിലെന്ന പോലെ മഹാമാരി വിതറുന്ന വൈറസിന്റെ കാര്യത്തിലും വികസിത മുതലാളിത്ത രാജ്യങ്ങൾ താക്കീതുകളെ അവഗണിക്കുകയോ അലംഭാവം കാണിക്കുകയോ ആയിരുന്നു. അമേരിക്ക പോലുള്ള രാഷ്ട്രങ്ങൾ പരിസ്ഥിതി ജാഗ്രതാ നിർദേശങ്ങളെ നിരന്തരം അവഗണിച്ചുകൊണ്ട് ധൂർത്തമായ സ്വന്തം ജീവിതശൈലി എന്നും നിർവിഘ്നം തുടരാം എന്ന് പ്രതീക്ഷിച്ചവരാണ്. അവരെയാണ് ഈ വൈറസ് ഞെട്ടിച്ചുകളഞ്ഞത്. വൈറസിന്റെ കാര്യത്തിലെന്ന പോലെ കാലാവസ്ഥാ പ്രതിസന്ധിയുടെ കാര്യത്തിലും പ്രവചനാത്മകമായ താക്കീതുകൾ അക്ഷരംപ്രതി ശരിയാണെന്ന് വൈകാതെ ബോധ്യപ്പെടും. വികസനത്തിന്റെ ശൈലി ഇനിയും മാറ്റുന്നില്ലെങ്കിൽ കടുത്ത തിരിച്ചടികളിൽ നിന്ന് മനുഷ്യരാശിക്ക് മോചനമില്ല എന്ന പാഠമാണ് ഈ ദുരന്തത്തിൽ നിന്നും പഠിക്കേണ്ടത്. പക്ഷെ, അതു തന്നെയാണോ ഈ ലോകത്തെ നിയന്ത്രിക്കുന്ന പ്രബല ശക്തികൾ പഠിക്കുക?

സാമ്പത്തിക വികസനനയങ്ങൾ രൂപീകരിക്കുന്ന ആഗോള മുതലാളിത്ത സ്ഥാപനങ്ങൾക്കും ലോകത്തെ കോടീശ്വരന്മാർക്കും അവരുടെ സിൽബന്തികൾക്കും ഇതൊന്നും പ്രശ്നമല്ല. സാധാരണ മനുഷ്യരെ കൊടും ദുരിതത്തിലാഴ്ത്തുന്ന പ്രതിസന്ധിക്കിടയിലും പടക്കോപ്പുകൾ വിറ്റോ പരിശോധനാ കിറ്റുകൾ വിറ്റോ ലാഭമുണ്ടാക്കാനുള്ള തത്രപ്പാടിലാണ് അവർ. പതിനാ

യിരങ്ങൾ മരിച്ചുവീണാലെന്ത്? ജനം പട്ടിണിയിലും ദുരിതക്കയത്തിലും അകപ്പെട്ടാലെന്ത്? നവലിബറൽ മൂലധന വ്യവസ്ഥക്ക് അതിജീവിക്കാനാവശ്യമായ സാഹചര്യങ്ങൾ എത്രയും വേഗം വീണ്ടെടുത്താൽ മാത്രം മതി അവർക്ക്. വലിയ ദുരന്തങ്ങൾ മികച്ച സാമ്പത്തിക നേട്ടത്തിനുള്ള അവസരമായി ഉപയോഗപ്പെടുത്തുന്നതിനെക്കുറിച്ചുള്ള നവോമി ക്ലെയ്നിന്റെ നിരീക്ഷണങ്ങൾ ഓർക്കാം.

ഈ കൊറോണയുടെയും ലോക്ക്ഡൗണിന്റെയും പശ്ചാത്തലത്തിൽ മുതലാളിത്തം തന്നെ വിഭാവനം ചെയ്യുന്നത് നമ്മൾ ഇതുവരെ ശീലിച്ചു പോന്ന ഭരണവ്യവസ്ഥകളിൽ നിന്നുള്ള ഒരു വിഛേദമാണ്. മുതലാളിത്തം ഇന്ന് എത്തി നില്ക്കുന്ന ഘടനാപരമായ പ്രതിസന്ധിയും സാമ്പത്തിക മാന്ദ്യവും മറികടക്കാൻ താല്കാലികമായെങ്കിലും കൈവന്ന ഒരസുലഭ അവസരമായാണ് ഈ ലോക്ക്ഡൗൺ കാലം ഭരണകൂടങ്ങൾ പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്നത്. മഹാമാരിയുടെയും അതുൽപ്പാദിപ്പിക്കുന്ന മരണഭയത്തിന്റെയും മറവിൽ സാധാരണ മനുഷ്യരെ പൗരാവകാശങ്ങൾ പോലും നിഷേധിച്ചുകൊണ്ട് ഒരു പോലീസ് സ്റ്റേറ്റിന്റെ പ്രജകളാക്കി മാറ്റി, അടിയന്തിരാവസ്ഥയിലെന്ന പോലെ അധികാരം കേന്ദ്രീകരിക്കുന്ന പ്രക്രിയ പ്രബലമായിരിക്കുന്നു. എന്തു തരം സാമ്പത്തിക പ്രവർത്തനത്തിനും ഈ ഘട്ടത്തിൽ ന്യായീകരണമുണ്ട്.

എന്തെങ്കിലും അത്യാവശ്യത്തിന് പുറത്തിറങ്ങുന്ന പാവങ്ങളെ, നാട്ടുകാരുടെ ആരോഗ്യം സംരക്ഷിക്കാനാണിതൊക്കെ എന്ന പ്രഖ്യാപിത ലക്ഷ്യം പോലും വിസ്മരിച്ച് പോലീസുകാർ ക്രൂരമായി ലാത്തിച്ചാർജ്ജു ചെയ്ത സംഭവങ്ങൾ നിരവധിയുണ്ട്. അച്ചടക്കം പാലിക്കുക മാത്രമാണ് പൗരധർമ്മം എന്ന ഓർമ്മപ്പെടുത്തലും അനീതികൾക്കെതിരായ ജനാധിപത്യപരമായ കൂട്ടായ്മകൾക്കും പ്രതിഷേധങ്ങൾക്കും കടിഞ്ഞാണിടലുമാണ് മിക്ക സർക്കാരുകളും ഇതിലൂടെ ലക്ഷ്യമിടുന്നത്. State of Exception എന്ന് അഗാമ്പൻ വിശേഷിപ്പിക്കുന്ന ഒരവസ്ഥ തന്നെയാണിത്. സാമാന്യമായ എല്ലാ ഭരണപരമായ കീഴ്വഴക്കങ്ങളിൽ നിന്നും, പാലിക്കേണ്ട മര്യാദകളിൽ നിന്നും ഒഴിഞ്ഞു നിലനിൽക്കാനുള്ള ഒരു ഒഴികഴിവ് ഈ പകർച്ചവ്യാധി സർക്കാരുകൾക്ക് നൽകിയിരിക്കുന്നു.

## ഡീപ്പ് സ്റ്റേറ്റ്

പൊതുസമ്മതികളെയും ജനാധിപത്യപരമായ അഭിപ്രായരൂപീകരണത്തെയും അട്ടിമറിച്ചുകൊണ്ട്, വരേണ്യ സാമ്പത്തിക ന്യൂനപക്ഷങ്ങളുടെ സ്ഥായിയായ താത്പര്യങ്ങൾ സംരക്ഷിക്കാൻ സദാ ജാഗരൂകമായ ഒരു നിഗൂഢഭരണക്രമം എല്ലാ ഭരണകൂടങ്ങളൂടെയും അടിയൊഴുക്കായുണ്ട്. ഇതിനെയാണ് 'ഡീപ്പ് സ്റ്റേറ്റ്' എന്നു വിളിക്കുന്നത്. ഉദാഹരണത്തിന്, ഇന്ത്യയിലാരു ഭരിച്ചാലും ആഗോള സാമ്പത്തിക താത്പര്യങ്ങൾക്കൊപ്പം തന്നെ കടുത്ത അന്യ ജാതി-മത വിദ്വേഷത്തിന്റെ ദേശീയ അന്തർധാര ഡീപ്പ് സ്റ്റേറ്റായി പ്രവർത്തിക്കുന്നത് കാണാം.

ചങ്ങാത്ത മുതലാളിത്തത്തിന്റെ അജണ്ടകൾ നടപ്പിലാക്കിക്കൊടുക്കാനുള്ള ഡീപ്പ് സ്റ്റേറ്റായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് സൗകര്യങ്ങളൊരുക്കിക്കൊടുക്കുക എന്നതാണ് ഇന്ന് മിക്ക സർക്കാരുകളും അനുഷ്ഠിക്കുന്ന ഔപചാരിക ദൗത്യം. എങ്കിലും തങ്ങളുടെ സുരക്ഷയും ഉത്തമ താത്പര്യങ്ങളും ഒരു രക്ഷാകർത്താവിനെപ്പോലെ ഭരണകൂടം ഏറ്റെടുക്കുമെന്ന വിശ്വാസത്താൽ വ്യക്തിസ്വാതന്ത്ര്യങ്ങൾ ബലികഴിക്കാനും ജനങ്ങൾ മാനസികമായി തയ്യാറാണ്. കോവിഡ് ബാധയും ലോക്ഡൗണും മൂലം ജനം പട്ടിണിയിൽ വലഞ്ഞ്, കാൽനടയായി നൂറുകണക്കിനു കിലോമീറ്ററകലെയുള്ള ഗ്രാമങ്ങളിലേക്ക് അഭയാർത്ഥികളായി മടങ്ങുമ്പോൾ അവരുടെ ദുരിതമകറ്റാനുള്ള താത്പര്യത്തെക്കാൾ ഇവിടെ പ്രകടമായി കണ്ടത് ഡൊണാൾഡ് ട്രമ്പിനോട് ആയുധം വാങ്ങാൻ കരാറൊപ്പിടുവാനും ഹൈഡ്രോക്സി ക്ലോറോക്വിൻ ഗുളിക അമേരിക്കക്ക് കയറ്റിയയക്കാനുമുള്ള തിടുക്കമായിരുന്നു. മൂന്നു കൊല്ലത്തേക്കുള്ള ഭക്ഷ്യധാന്യങ്ങൾ ഗോഡൗണുകളിൽ കെട്ടിക്കിടക്കുമ്പോഴും ലോക്ഡൗൺ മൂലം പട്ടിണിയിലാവുന്ന മനുഷ്യർക്ക് അത് എത്തിച്ചുകൊടുക്കാൻ ശ്രദ്ധിക്കാതെ ധാന്യമുപയോഗിച്ച് എഥനോളുണ്ടാക്കി സാനിറ്റൈസർ നിർമിക്കുന്നതിനാണ് മുൻഗണന! ലോകാരോഗ്യ സംഘടനയ്ക്ക് ഏറ്റവും നിർണായകമായ ഈ സമയത്ത് ഫണ്ട് നിഷേധിച്ച് കൊണ്ട് ട്രമ്പ് ലോകാരോഗ്യസ്ഥിതിയോടുള്ള തന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നു!

വനനശീകരണത്തിനെതിരെയുള്ള എല്ലാ നിയമങ്ങളും ലഘൂകരിച്ചു കൊണ്ട് 'വികസന'ത്തിനുള്ള പാരിസ്ഥിതിക തടസ്സങ്ങൾ 11 സംസ്ഥാനങ്ങൾക്ക് പ്രകാശ് ജാവ്ഡേക്കർ നീക്കിക്കൊടുത്തത് ലോക്ക്ഡൗൺ സമയത്ത് തന്നെ. സ്ഥിരം അജണ്ടകൾ പുറത്തുനിന്നാരുടെയും ശല്യമില്ലാതെ നടപ്പിലാക്കാനുള്ള അനുകൂല സമയം 'സാമൂഹ്യ അകലം' പാലിച്ച് ആളുകൾ അകത്തിരിക്കുന്ന സമയം തന്നെ എന്ന് അവർക്കറിയാം. മുകേഷ് അംബാനിയുടെ ജിയോയും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ ഫേസ്ബുക്കും തമ്മിൽ സംയുക്ത സംരംഭത്തിന് കരാറായത് ഈ കൊറോണക്കാലത്ത് തന്നെ. കേംബ്രിഡ്ജ് അനാലിറ്റിക്ക എന്ന ചാരനിരീക്ഷണക്കമ്പനി ലക്ഷക്കണക്കിന് ഫേസ്ബുക്ക് ഉപയോക്താക്കളുടെ വിവരങ്ങൾ ചോർത്തി മനഃശ്ശാസ്ത്രപരമായി ആളുകളെ സ്വാധീനിച്ച് ട്രമ്പിനെ തിരഞ്ഞെടുപ്പിൽ വിജയിപ്പിച്ചത് ഫേസ്ബുക്കുപയോഗപ്പെടുത്തിയായിരുന്നു. ഇന്ത്യയിലെ ഇന്നത്തെ ഭരണാധികാരികളും അംബാനിയും തമ്മിലുള്ള ബന്ധമറിയുന്നവർക്ക് പെരുമാറ്റ രഹസ്യ മേൽനോട്ട മുതലാളിത്ത (Surveillance Capitalism) ത്തിന്റെ ആശാന്മാരായ ഫേസ്ബുക്കുമായുള്ള ബന്ധം എങ്ങിനെ അവരുടെ അധികാരത്തിന്റെ അടിത്തറ പ്രബലമാക്കാൻ സഹായി

ക്കുമെന്നറിയാം. ടെലിക്കോമിൽ വരുത്തിയ കേവലമായ ഒരു ചെറിയ നയം മാറ്റത്തിലൂടെ 2017-18 വർഷത്തിൽ വെറും 12 മാസക്കാലം കൊണ്ട് 690 കോടി ഡോളർ അംബാനിക്ക് ലാഭമുണ്ടാക്കാൻ മോദി സർക്കാർ എങ്ങിനെ സഹായിച്ചു എന്ന് പി. സായിനാഥ് ചൂണ്ടിക്കാട്ടുന്നുണ്ട്. ഇനി സർവെയ്‌ലൻസ് മുതലാളിത്തത്തിന്റെ സങ്കീർണ്ണവും വിപുലവുമായ മേഖലയിലേക്കുള്ള പരിവർത്തനത്തിന് ലോകത്ത് ഭരണാധികാരികളെ ഏറ്റവും തുണക്കുക രോഗികളെ കണ്ടെത്താൻ നിലവിലുള്ളതും പുതുതായി ഏർപ്പെടുത്തുന്നതുമായ ഇലക്ട്രോണിക്ക് നിരീക്ഷണ സംവിധാനങ്ങളായിരിക്കും എന്നും ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്.

'പരിശോധന, കൂടുതൽ പരിശോധന' എന്ന് ലോകാരോഗ്യ സംഘടന ഓർമ്മിപ്പിക്കുന്നുണ്ടെങ്കിലും ഇന്ത്യയിൽ മിക്ക സംസ്ഥാനത്തും രോഗ പരിശോധനയ്ക്കും ക്വാറൻറൈനിനും വ്യക്തിപരമായി അകൽച്ച പാലിക്കുന്നതിനും അടച്ചിട്ടിരിക്കുമ്പോൾ പട്ടിണിയില്ലാതെ കഴിയുന്നതിനും ഉള്ള സൗകര്യങ്ങളൊരുക്കുന്നതിലല്ല സർക്കാരിന് താത്പര്യം; ആരോഗ്യ പ്രവർത്തകരെ സഹായിക്കുന്നതിലുമല്ല. മറിച്ച് പ്രചരണപരമായ മേൽക്കൈകൾ നേടുന്നതിനും കോവിഡിനെ ഞങ്ങളിതാ ഇന്ത്യക്കാർ തളച്ചിരിക്കുന്നു എന്ന് നാടകീയമായി പ്രഖ്യാപിക്കുന്നതിനും ആണ്.

ആഗോള സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്തുകൊണ്ടല്ല, മറിച്ച് അതിന്റെ പശ്ചാത്തലത്തിൽ തന്നെയാണ് ഇവിടെ എടുത്തുപറഞ്ഞ ഇന്ത്യയിലെ ഉദാഹരണങ്ങളെ കാണേണ്ടത്. കാരണങ്ങൾ കണ്ടെത്തി അവ തടയുവാനല്ല, മറിച്ച് പ്രശ്നങ്ങളുണ്ടായാൽ അവയ്ക്ക് വ്യാപാര സാധ്യതയുള്ള പരിഹാരമാർഗ്ഗങ്ങൾ തേടുന്നതിൽ മാത്രമാണ് മുതലാളിത്തത്തിന് താത്പര്യം. പ്രതിരോധ നടപടികളിൽ ഇപ്പോൾ മുഴുകുന്നത് കോവിഡിന് കൃത്യമായ മരുന്നോ വാക്സിനോ ഇതുവരെ കണ്ടെത്തിയിട്ടില്ല എന്നതുകൊണ്ടാണ്. അപ്പോൾ പോലും ഉപയോഗിച്ച് പരീക്ഷിക്കാവുന്ന മരുന്നുകൾ അവർ പ്രയോഗിച്ചു നോക്കുന്നുമുണ്ട്, വിജയിക്കുമെന്നുറപ്പില്ലെങ്കിൽപ്പോലും. കോവിഡ് 19 പോലെയുള്ള, ലോകാരോഗ്യ സംഘടന പാൻഡെമിക് (ലോകമെങ്ങും വ്യാപിക്കുന്ന പകർച്ചവ്യാധി) എന്ന് വിശേഷിപ്പിക്കുന്ന ഒരു വൈറസ് ബാധ ആഗോളതലത്തിലുള്ള ചില സ്ഥാപനങ്ങളും വ്യക്തികളും മുൻകൂട്ടി സങ്കൽപ്പിച്ചിരുന്നു എന്നത് വാസ്തവത്തിൽ അത്ഭുതകരമാണ്. 2019 ഒക്ടോബർ 18ന് ന്യൂയോർക്ക് നഗരത്തിൽ നടത്തിയ 'ഇവന്റ് 201' എന്ന പരിപാടിയും 2020 ജനുവരി 21 മുതൽ 24 വരെ ദാവോസിൽ നടന്ന വേൾഡ് ഇക്കണോമിക് ഫോറത്തിലെ 'ആരോഗ്യ അജണ്ട'യും ഇവയ്ക്കുള്ള തെളിവാണ്.

### ഇവന്റ് 201

ജോൺഹോപ്കിൻസ് സെന്റർ ഫോർ ഹെൽത്ത് സെക്യൂരിറ്റി, വേൾഡ് ഇക്കണോമിക് ഫോറം, ബിൽ ആന്റ് മെലിൻഡഗേറ്റ് ഫൗണ്ടേഷൻ എന്നിവരാണ് പരിപാടിയുടെ ആതിഥേയർ. ഒരു മഹാമാരി ലോകമാകെ പടരുകയാണെങ്കിൽ അത് വൻതോതിൽ സാമൂഹിക-സാമ്പത്തിക ഫലങ്ങൾ ഉളവാക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കുന്നതിനായി പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ് (പൊതുമേഖലയും സ്വകാര്യമേഖലയും ചേർന്ന പങ്കാളിത്തം) ആവശ്യമാകുന്ന മേഖലകൾ ഏതൊക്കെയെന്ന് കണ്ടെത്തുകയാണ് പരിപാടിയുടെ ലക്ഷ്യം. ഏതാണ്ട് 200 സാംക്രമിക രോഗങ്ങൾ വർഷംതോറും ലോകത്തിന്റെ നാനാഭാഗത്ത് ഉണ്ടാകാറുണ്ട്. ലോകമാകെ വ്യാപിക്കാൻ ശക്തമായ 2013മത്തെ ഒരു മഹാമാരി nCOV എന്ന വൈറസ് സൃഷ്ടിക്കുന്നതായി സങ്കൽപ്പിച്ചുകൊണ്ടുള്ള ഒന്നാണ് ആ ഘട്ടത്തിൽ സർക്കാരുകളും സ്വകാര്യവ്യവസായ സ്ഥാപനങ്ങളും അന്താരാഷ്ട്ര സംഘടനകളും തമ്മിൽ വേണ്ട സഹകരണത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് രൂപീകരണം.

പുതിയ ഒരു കൊറോണ വൈറസ് വവ്വാലിൽ നിന്ന് പന്നിയിലേക്കും പിന്നെ മനുഷ്യനിലേക്കും വ്യാപിക്കുന്ന ഒരു സാങ്കൽപ്പിക സന്ദർഭമാണ് യോഗം ചർച്ച ചെയ്യുന്നത്. SARSനെയാണ് രോഗകാരിയായി വൈറസ് മാതൃകയാക്കുന്നതെങ്കിലും, പ്രകടമായ ലക്ഷണങ്ങളൊന്നും തീവ്രമല്ലെങ്കിലും എളുപ്പം ആ രോഗം ആളുകൾക്കിടയിൽ വ്യാപിക്കുന്നു. ബ്രസീലിലെ പന്നി വളർത്തൽ കേന്ദ്രങ്ങളിൽ തുടങ്ങി ദരിദ്രർ തിങ്ങിപ്പാർക്കുന്ന ഇടങ്ങളിൽ അത് വ്യാപിക്കുന്നു; ദക്ഷിണ അമേരിക്കയിലെ വൻ നഗരങ്ങളിലാണ് അത് പിന്നീട് എത്തുന്നത്. പിന്നെ പോർച്ചുഗല്ലിലും ഐക്യനാടുകളിലും ചൈനയിലും എത്തുന്നു. ചില രാജ്യങ്ങൾക്ക് ആദ്യം രോഗം നിയന്ത്രിക്കാൻ കഴിയുന്നുണ്ടെങ്കിലും പിന്നീട് രോഗം വ്യാപിക്കുകയാണ്. ഒരു രാജ്യത്തിനും നിയന്ത്രിക്കാൻ കഴിയാത്ത സ്ഥിതി

കോവിഡ് 19 പോലെയുള്ള, ലോകാരോഗ്യ സംഘടന പാൻഡെമിക് (ലോകമെങ്ങും വ്യാപിക്കുന്ന പകർച്ചവ്യാധി) എന്ന് വിശേഷിപ്പിക്കുന്ന ഒരു വൈറസ് ബാധ ആഗോളതലത്തിലുള്ള ചില സ്ഥാപനങ്ങളും വ്യക്തികളും മുൻകൂട്ടി സങ്കൽപ്പിച്ചിരുന്നു എന്നത് വാസ്തവത്തിൽ അത്ഭുതകരമാണ്. 2019 ഒക്ടോബർ 18ന് ന്യൂയോർക്ക് നഗരത്തിൽ നടത്തിയ 'ഇവന്റ് 201' എന്ന പരിപാടിയും 2020 ജനുവരി 21 മുതൽ 24 വരെ ദാവോസിൽ നടന്ന വേൾഡ് ഇക്കണോമിക് ഫോറത്തിലെ 'ആരോഗ്യ അജണ്ട'യും ഇവയ്ക്കുള്ള തെളിവാണ്.

സംജാതമാകുന്നു. 18 മാസം കഴിയുമ്പോഴാണ് അത് ഒന്ന് ഒതുങ്ങുന്നത്. അപ്പോഴേക്കും 65 ദശലക്ഷം മരണങ്ങൾ നടക്കുന്നു. ഫലപ്രദമായ ഒരു വാക്സിൻ ഉണ്ടാകുന്നതുവരെ, അല്ലെങ്കിൽ 80–90 ശതമാനം ജനങ്ങൾ വൈറസിനെ അഭിമുഖീകരിക്കുന്നതു വരെ രോഗം തുടരും. പിന്നീട് അതൊരു ശൈശവ രോഗമായി തുടരും. ഇതായിരുന്നു ഇവന്റ് 201ലെ, രോഗ സങ്കൽപ്പനത്തെക്കുറിച്ച് സംഘാടകർ പ്രസിദ്ധീകരിച്ച ലഘുലേഖയിൽ നിന്നും വാർത്തകളിൽ നിന്നും ശേഖരിക്കാൻ കഴിഞ്ഞ വിവരങ്ങൾ.

## WEF അജണ്ട

ഇതിനെ തുടർന്ന് 2020 ജനുവരി 21 മുതൽ 24 വരെ സ്വിറ്റ്സർലൻഡിലെ ദാവോസ് നഗരത്തിൽ വച്ച് നടന്ന വേൾഡ് ഇക്കണോമിക് ഫോറത്തിന്റെ വാർഷിക യോഗത്തിൽ അടുത്ത ഒരു വർഷത്തെ ലോക അജണ്ടകൾ ചർച്ച ചെയ്ത കൂട്ടത്തിൽ ആരോഗ്യവും ഒരു പ്രമേയമാണ്. ലോകത്തിലെ ഏറ്റവും വലിയ കോർപ്പറേറ്റുകളും ലോക നേതാക്കളും സംബന്ധിക്കുന്ന ഒരു വേദിയാണ് വേൾഡ് ഇക്കണോമിക് ഫോറം. മൂലധനത്തോടല്ലാതെ സ്വന്തം രാജ്യങ്ങളോട് പ്രത്യേക മമതയൊന്നും ഇല്ലാത്ത ആഗോള വരേണ്യരുടെ കൂട്ടമാണിത് എന്ന് അതിലെ അംഗങ്ങളെക്കുറിച്ച് പറയാറുണ്ട്. ആരോഗ്യത്തിന്റെ ഭാവി എന്ന സെഷനിൽ ലോകാരോഗ്യ സംഘടനയുടെ ഡയറക്ടർ ജനറൽ ടെഡ്രോസ് അധാനോം ഘബ്രിയേസസ്, GAVIയുടെ സി.ഇ.ഒ സേഫ്. എസ്. ബർക്ക്ലി തുടങ്ങിയവർ പങ്കെടുത്തിട്ടുണ്ട്. 2019 ഡിസംബറിൽ ആണ് വുഹാനിൽ കൊറോണ വൈറസ് പ്രത്യക്ഷപ്പെട്ടത്. ജനുവരി 23 ആയപ്പോഴേക്കും 600 കേസുകളും 18 മരണവും റിപ്പോർട്ട് ചെയ്തു. ഏതാണ്ട് SARSന് തുല്യമായ ഈ വൈറസിന് അത്ര തീവ്ര സ്വഭാവമില്ലെങ്കിലും കൂടുതൽ ആളുകളിലേക്ക് വ്യാപിക്കാൻ ഇടയുണ്ടെന്നും ആരും പരിഭ്രമിക്കേണ്ടെന്നും യോഗം വിലയിരുത്തി. മരുന്നും വാക്സിനും ഇല്ലാത്തതിനാൽ യാത്രകൾ നിയന്ത്രിക്കൽ, വേറിട്ട് നിർത്തൽ, സാമൂഹിക അകലം പാലിക്കൽ, കൈകഴുകൽ, മാസ്ക് ധരിക്കൽ തുടങ്ങിയ പ്രതിരോധ പരിപാടികൾ മാത്രമേ തത്കാലം സാധിക്കുകയുള്ളൂ എന്ന് CEPIയുടെ സി.ഇ.ഒ ഡോ. റിച്ചാർഡ് ഹാച്ചറ്റ് ദാവോസിൽ പറയുന്നുണ്ട്. എത്രയും പെട്ടെന്ന് വാക്സിൻ കണ്ടെത്താനുള്ള ശ്രമങ്ങളിൽ ഏർപ്പെടാനും തീരുമാനമായി. കൃത്യം ഒരാഴ്ച കഴിഞ്ഞ് ജനുവരി 30ന് ആണ് WHO ഡയറക്ടർ ജനറൽ ഇതൊരു ലോകവ്യാപക മഹാമാരിയായി പ്രഖ്യാപിച്ചത്. ഒന്നിന് പിറകെ ഒന്നായി നടന്ന ഈ സംഭവപരമ്പരകൾ കേവലം യാദൃശ്ചികമായിരുന്നോ, അതോ മറ്റെന്തെങ്കിലും അജണ്ടകൾ വച്ച് നടന്ന ആസൂത്രിത നീക്കങ്ങൾ ആയിരുന്നോ എന്നതെല്ലാം ഇനിയും വെളിപ്പെടാൻ ഇരിക്കുന്നതേയുള്ളൂ.

രോഗവ്യാപനത്തിന്റെയും ലോക്ഡൗണിന്റെയും ഫലമായി പട്ടിണിയും തൊഴിലില്ലായ്മയും വ്യാപിച്ചു. സ്റ്റോക്മാർക്കറ്റ് തകർന്ന് 30 ശതമാനം താഴോട്ട് പോയത് വലിയ സാമ്പത്തിക പ്രതിസന്ധിയുടെ സൂചനയാണ്. ദരിദ്രരുടെ എണ്ണം കൂടുതലുള്ള രാജ്യങ്ങളിൽ ഈ ദുരന്തത്തിന്റെ വ്യാപ്തി അതിഭീകരമാണ്. സാധാരണ മനുഷ്യർക്ക് പൂർവ്വസ്ഥിതി കൈവരിക്കാൻ കഴിയുമോ എന്നതുപോലും അനിശ്ചിതത്വത്തിലാണ്. അനൗപചാരിക മേഖലകളിലാണ് 30 ശതമാനം വരുന്ന ചെറുപ്പക്കാർ ജോലി ചെയ്യുന്നത്. ഇവർ വൻ തകർച്ച നേരിടുകയാണ്. കഷ്ടിച്ച് ജീവിക്കാൻ മാത്രം വരുമാനം ലഭിച്ചിരുന്ന ഈ തൊഴിലുകൾ ഭീഷണിയിലാണ്. 170 കോടി ജനങ്ങളുടെ ജീവിതം കടുത്ത ദാരിദ്ര്യത്തിലാണ്. കുറ്റകൃത്യങ്ങളും ആത്മഹത്യകളും കൂടാനുള്ള സാധ്യതയും 2008–09ലെ ഗ്രീസിലെ സാമ്പത്തിക പ്രതിസന്ധിയുടെ അനുഭവത്തിന്റെ വെളിച്ചത്തിൽ ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്.

കോർപ്പറേറ്റ് കമ്പനികൾക്ക് വലിയ ആഘാതമുണ്ടാകില്ല. ലോകബാങ്കും ഐ.എം.എഫും രാജ്യങ്ങൾക്ക് കടം കൊടുക്കും, അവരെ 'രക്ഷപ്പെടുത്താൻ'. എന്നാൽ കടക്കെണിയിലാവുന്ന രാജ്യങ്ങൾ ചില വ്യവസ്ഥകളും നിബന്ധനകളും പാലിക്കാൻ നിർബന്ധിതരാകും. സേവനങ്ങളും പശ്ചാത്തല സൗകര്യങ്ങളും ഇനിയും സ്വകാര്യവത്കരിക്കുക, എണ്ണ, വാതകം, വനം, വെള്ളം, ധാതുക്കൾ തുടങ്ങിയ പ്രാദേശിക പ്രകൃതി വിഭവങ്ങൾ ചൂഷണം ചെയ്യാൻ വിദേശ കോർപ്പറേറ്റുകൾക്ക് ഒട്ടേറെ സൗജന്യങ്ങൾ നൽകുക എന്നതൊക്കെ ഈ കടബാധ്യതയുടെ ഭാഗമാണ്. അടിത്തട്ടിൽ നിന്നും മേലോട്ട് സമ്പത്ത് വീണ്ടും പ്രവഹിക്കും. ദരിദ്രർ കൂടുതൽ ദരിദ്രരും സമ്പന്നർ കൂടുതൽ സമ്പന്നരും ആകുന്ന അവസ്ഥ കൂടുതൽ ഗുരുതരമാകും. നിയോലിബറൽ അജണ്ട കൂടുതൽ ശക്തമായി മുന്നോട്ടുകൊണ്ടുപോകാനുള്ള ശ്രമങ്ങൾ ആഗോളതലത്തിൽ നടക്കും.

സമത്വത്തിലും തുല്യനീതിയിലും അധിഷ്ഠിതമായ ബദൽ സാധ്യതകളെക്കുറിച്ച്, പാരിസ്ഥിതിക പരിഗണനകൾ മുഖ്യമാകുന്ന ആസൂത്രണങ്ങളെക്കുറിച്ച് കൂടുതൽ ഉൾക്കാഴ്ചകൾ കിട്ടാൻ പ്രതിസന്ധി സഹായകമായിട്ടുണ്ട്. സ്ഥല, ജല, വായു മലിനീകരണത്തിന്റെ തോത് കുറഞ്ഞിട്ടുണ്ട്. പക്ഷെ, ഫാസിസ്റ്റുകളോ ഏകാധിപതികളോ ആയ ഭരണാധികാരികൾ ലോകത്തിന്റെ ഗതി നിർണ്ണയിക്കുന്ന രാജ്യങ്ങളുടെ ഭരണസാരഥികളായി ഇരിക്കുന്ന ഒരു കാലത്ത് ഈ പ്രതിസന്ധിയെ ലോകം മെച്ചപ്പെടുത്താനുള്ള അവസരമാക്കി മാറ്റാനുള്ള ജനകീയ ശ്രമങ്ങൾ വിജയം കാണുമോ?

നമുക്ക് പ്രതീക്ഷയോടെ കാത്തിരിക്കാം; സുസ്ഥിര വികസനത്തെക്കുറിച്ചുള്ള പ്രഖ്യാപിതലക്ഷ്യങ്ങളും സാമൂഹികനീതിയുള്ള ഒരു വ്യവസ്ഥയിലേക്കുള്ള പരിവർത്തനത്തിന് സമ്മർദ്ദം ചെലുത്താൻ പ്രാപ്തിനേടുന്ന ജനകീയ ഇച്ഛാശക്തിയും ഉരുത്തിരിയുന്നതിനെക്കുറിച്ച്. ■